REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **റിസർവ് ബാങ്ക് ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു. പലിശ നിരക്കുകളിൽ മാറ്റമില്ല.**
- **ഇന്ന് മഹാനവമി. കേരളത്തിൽ നാളെ വിദ്യാരംഭം.**
- **കണ്ണൂർ ചൊവ്വയിലെ നവീകരിച്ച സഹകരണ സ്പിന്നിങ് മിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് 1100 കോടിയുടെ GST തട്ടിപ്പിൽ CBI അന്വേഷണം വേണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ നാളെ കോഴിക്കോട്ട് ആരംഭിക്കും.**

## വാർത്തകൾ വിശദമായി

പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു. റിപ്പോനിരക്ക് അഞ്ചര ശതമാനമായി നിലനിർത്തുന്നതായി മുംബൈയിൽ RBI ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. GST നിരക്കിൽ വരുത്തിയ ഇളവുകൾ ആഗോള വ്യാപാരത്തിലും മറ്റ് അനിശ്ചിതത്വങ്ങളും വഴിയുണ്ടാക്കിയ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നാണ് RBI യുടെ വിലയിരുത്തൽ.

✪✪✪

രാഷ്ട്ര നിർമ്മാണത്തിന് വേണ്ടിയാണ് RSS-ന്റെ പ്രവർത്തനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ RSS-ന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ആയിരക്കണക്കിന് വർഷങ്ങളിലൂടെ രാജ്യം സ്വരൂപിച്ച പാരമ്പര്യത്തിന്റെ ഉൾക്കരുത്താണ്

സംഘടനയുടേതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. RSS ശതാബ്ദിയുടെ പ്രത്യേക തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു.

നാളത്തെ വിജയദശമി ആഘോഷം തിന്മക്ക് മേൽ നന്മ നേടിയെടുത്ത വിജയത്തിന്റെ പ്രതീകമാണെന്നും അനീതിക്ക് മേൽ നീതി കൈവരിച്ച വിജയമാണെന്നും പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്തും മറ്റ് പ്രമുഖ നേതാക്കളും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

രാജ്യത്ത് പുരോഗതിയും പരിവർത്തനവും കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ആഗോള തലത്തിൽ പങ്കാളിത്തം ശക്തിപ്പെടുത്തി നരേന്ദ്രമോദി ഗവണ്മെന്റ് ലോകത്തിന്റെ ശക്തമായ സ്വരമായി മാറിയതിനെ കുറിച്ചാണ് ആകാശവാണി സേവാ പർവ് പ്രത്യേക പരമ്പരയിൽ വിശദീകരിക്കുന്നത്.

.......(വോയ്സ്).........

ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ അഭിപ്രായങ്ങൾക്ക് നിർണായക സ്വഭാവം കൈവരിച്ചത് നരേന്ദ്രമോദി ഭരണകാലത്താണ്. ലോക ക്രമം രൂപപ്പെടുത്തുന്നതിൽ ഇന്ത്യയുടെ ശബ്ദം ഇക്കാലത്ത് നിർണായക ശക്തിയായി. വികസ്വര രാജ്യങ്ങൾക്ക് വേണ്ടി ബഹുതല കേന്ദ്രീകൃതമായ ലോകം എന്ന നിലപാടിൽ ഉറച്ചു നിന്നാണ് ഗ്ലോബൽ സൗത്തിന്റെ അവകാശങ്ങളെ കുറിച്ച് ഇന്ത്യ വാദം ഉയർത്തിയത്. ആഫ്രിക്കൻ യൂണിയനെ G20 സംഘടനയിൽ ഉൾപ്പെടത്തുന്നത് അടക്കം കാര്യങ്ങളിൽ ഇന്ത്യയുടെ ഈ കാഴ്ചപ്പാടാണ് പ്രധാന പങ്ക് വഹിച്ചത്.

ഇന്ത്യ അംഗമായ ബ്രിക്സ്, ക്വാഡ്, SEO എന്നിവയിലെ പങ്കാളിത്തം ബഹുതല കേന്ദ്രീകൃത ലോകസൃഷ്ടിക്ക് ലക്ഷ്യമിട്ടാണ്. ക്വാഡുമായി സാങ്കേതികവിദ്യാ സഹകരണം, ആധുനിക സുരക്ഷ, എന്നിവയിൽ സഹകരിക്കുമ്പോൾ ഷാംങ് ഹായ് കോർപ്പറേഷൻ ബന്ധം വഴി ഭീകരവിരുദ്ധ നടപടികൾ ശക്തമാക്കാൻ സാധിക്കുന്നു. നരേന്ദ്രമോദിയുടെ രാജ്യസന്ദർശനങ്ങൾ ഇന്ത്യയെ ആഗോള നേതൃതലത്തിലേക്ക് നയിക്കുന്നതോടൊപ്പം പങ്കാളിത്തങ്ങൾ കൂടുതൽ ആഴത്തിലാക്കാനും വഴിയൊരുക്കി.

✪✪✪

കേന്ദ്ര ജീവനക്കാർക്കും, പെൻഷൻകാർക്കും ഏകീകൃത പെൻഷൻ പദ്ധതിയിലേക്ക് മാറാൻ അവസരം നൽകുന്ന സമയപരിധി രണ്ട് മാസത്തേക്ക് കൂടി നീട്ടി. നവംബർ 30 വരെയാണ് ഇതിന് സമയം നൽകിയിരിക്കുന്നത്.

കുടുംബ പെൻഷൻകാർക്കും UPS ലേക്ക് മാറാം. നേരത്തെ UPS ലേക്ക് മാറാൻ അനുവദിച്ച സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു.

✪✪✪

ഇന്ന് മഹാനവമി. മഹിഷാസുരനെ നിഗ്രഹിച്ച ശക്തിസ്വരൂപിണിയായ ദുർഗ്ഗാദേവിയുടെ വിജയമാണ് മഹാനവമിയിലൂടെ അനുസ്മരിക്കുന്നത്. നാളെ സരസ്വതീപൂജയോടെ വിദ്യാരംഭത്തിന് തുടക്കമാകും.

മഹാനവമിയോട് അനുബന്ധിച്ച് ദേവീക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും, ചടങ്ങുകളുമുണ്ടായിരിക്കും. കൊല്ലൂർ മുകാംബിക ക്ഷേത്രത്തിൽ നവരാത്രി രഥോത്സവം ഇന്നാണ്. കേരളത്തിൽ നിന്ന് ഒട്ടേറെ ഭക്തർ നവരാത്രി ആഘോഷങ്ങൾക്ക് കൊല്ലൂരിൽ എത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി കൊല്ലം പിഷാരിക്കാവ്, വളയനാട് ദേവീക്ഷേത്രം, ചോറ്റാനിക്കര, കോട്ടയത്തെ പനച്ചിക്കാട് ദേവീക്ഷേത്രം, ചേർപ്പ് ഊരകം ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലെല്ലാം മഹാനവമി- വിജയദശമി ആഘോഷങ്ങളിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികൾ എത്തിക്കഴിഞ്ഞു. ഈ ക്ഷേത്രങ്ങളിൽ നാളെ പുലർച്ചെ എഴുത്തിനിരുത്ത് ആരംഭിക്കും.

✪✪✪

മഹാനവമി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസ നേർന്നു. നവരാത്രി എല്ലാവരുടെയും ജീവിതത്തിൽ ഭാഗ്യവും സമൃദ്ധിയും വിജയവും കൊണ്ടുവരട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

✪✪✪

തിരൂർ തുഞ്ചൻസ്മാരകത്തിൽ നാളെ രാവിലെ വിദ്യാരംഭ ചടങ്ങുകൾ ആരംഭിക്കും. സരസ്വതി മണ്ഡപത്തിൽ പാരമ്പര്യ എഴുത്താശാൻമാരും, എഴുത്തുകാരായ വൈശാഖൻ, ആലങ്കോട് ലീലാകൃഷ്ണൻ, PK ഗോപി, KP രാമനുണ്ണി, TD രാമകൃഷ്ണൻ, മണമ്പൂർ രാജൻ ബാബു, അനിൽ വള്ളത്തോൾ, KS വെങ്കിടാചലം തുടങ്ങിയ സാഹിത്യകാരൻമാരും കുട്ടികളെ എഴുത്തിനിരുത്തും. രാവിലെ 9.30ന് കവികളുടെ വിദ്യാരംഭം തുഞ്ചൻ സ്മാരക ഓഡിറ്റോറിയത്തിൽ നടത്തും.

✪✪✪

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങൾക്ക് വൻതിരക്ക്. കോർപറേഷന്റെ കണ്ണൂർ ദസറ ഇന്ന് സമാപിക്കും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.....

.........വോയ്സ്.....

സംഗീത നൃത്ത ചുവടുകളാൽ സമ്പന്നമായിരുന്നു കഴിഞ്ഞ ഒരാഴ്ചക്കാലം കണ്ണൂർ നഗരവും പരിസരവും. പാട്ടും നൃത്തവും അരങ്ങു തകർത്ത രാവുകൾ. നഗര മധ്യത്തിലെ കോവിലുകളിൽ അരങ്ങേറ്റം കുറിക്കാനെത്തിയ കുരുന്നുകൾ, ദീപാലംകൃതമായ നഗരത്തിന്റെ വേറിട്ട കാഴച ജില്ലയക്കകത്തും പുറത്തുനിന്നുമായി എത്തിയവർക്ക് നവ്യാനുഭവമായി. മുനീശ്വരൻ കോവിൽ,കാഞ്ചികാമാക്ഷിഅമ്മൻ കോവിൽ, മുത്തുമാരിയമ്മൻ കോവിൽ, താളിക്കാവ് കൃഷ്ണൻ കോവിൽ തുടങ്ങി കോവിലുകളിലെക്കേ ജനം ഒഴുകിയെത്തി. കോർപറേഷന്റെ നേതൃത്വത്തിൽ നടന്നുവന്ന കണ്ണൂർ ദസറയുടെ സമാപന സമ്മേളനം വൈകുന്നേരം മന്ത്രി രാമടചന്ദരൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. വിവിധ ക്ഷേത്രങ്ങളിൽ രാവിലെ മുതൽ വാഹന പൂജ നടന്നുവരുന്നു . പള്ളിക്കുന്ന മൂകാംബികയുൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ വിദ്യാരംഭത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്

✪✪✪

കണ്ണൂർ  ചൊവ്വയിലെ നവീകരിച്ച സഹകരണ സ്പിന്നിങ് മിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ  ഉദ്ഘാടനം ചെയ്യും. 40 വർഷത്തിലേറെ പഴകിയ ഉപകരണങ്ങൾ മാറ്റിയാണ് മിൽ നവീകരിച്ചത്. 225 സ്ഥിരം ജീവനക്കാർ സ്പിന്നിംഗ് മില്ലിൽ ജോലി ചെയ്യുന്നുണ്ട്.

✪✪✪

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായി മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം വനം വകുപ്പ് 210 സംഘർഷ ബാധിത പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന തീവ്രയജ്ഞ പരിപാടിയുടെ ഒന്നാം ഘട്ടം അവസാനിച്ചു. സെപ്റ്റംബർ 16 മുതൽ 30 വരെ പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ച് പരാതികളും നിർദേശങ്ങളും ശേഖരിക്കുകയായിരുന്നു.

തീവ്രയജ്ഞ പരിപാടിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, അതിന്റെ നടപടിക്രമങ്ങൾ, നഷ്ടപരിഹാരം, പട്ടയഭൂമിയിലെ മരംമുറിക്കൽ, എന്നിവ സംബന്ധിച്ച പതിനെണ്ണായിരത്തോളം പരാതികൾ ലഭിച്ചതായാണ് പ്രാഥമിക വിലയിരുത്തൽ.

ഇന്ന് മുതൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡനും തീവ്രയജ്ഞ പരിപാടിയുടെ ജനറൽ കൺവീനറുമായ ഡോ. പ്രമോദ് G. കൃഷ്ണൻ അറിയിച്ചു. അടുത്ത നാല് ദിവസങ്ങളിലായി പരാതികൾ തരംതിരിച്ച് ക്രോഡീകരിക്കും. തുടർന്ന് ആറ് മുതൽ പത്ത് വരെ ദിവസങ്ങളിൽ

ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറടക്കം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുക്കുന്ന ജില്ലാതല യോഗങ്ങൾ നടത്തും.

✪✪✪

CPIM നേതാക്കളായ കോടിയേരി ബാലകൃഷ്ണൻ, CH കണാരൻ എന്നിവരുടെ അനുസ്മരണ പരിപാടി 'ചിര സ്മരണ' വൈകിട്ട് തലശ്ശേരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. CPIM ന്റെ നേതൃത്വത്തിൽ ഇന്ന് മുതൽ ഒക്ടോബർ 20 വരെയാണ് 'ചിര സ്മരണ' പരിപാടികൾ സംഘടിപ്പിക്കുന്നത്.

✪✪✪

സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ കാഞ്ഞങ്ങാട്ട് നിർവഹിക്കും.

വിദ്യാഭ്യാസ-ആരോഗ്യ- തൊഴിൽ മേഖലക്ക് മുൻഗണന നൽകിയാണ് ഈ വർഷത്തെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഒക്ടോബർ 15 വരെ സംഘടിപ്പിക്കുന്നത്.

ദുർഗ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ മന്ത്രി OR കേളു അധ്യക്ഷനാവും.

ഡിസംബർ 31നകം 500 പേർക്ക് തൊഴിൽ ഉറപ്പാക്കുന്ന വിജ്ഞാനകേരളം ആക്ഷൻ പ്ലാൻ പ്രഖ്യാപനം ചടങ്ങിൽ മുഖ്യമന്ത്രി നടത്തും.

✪✪✪

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. മുതിർന്ന തലമുറയുടെ സംഭാവനകൾ ഓർമ്മിക്കാനും, അവരെ ആദരിക്കാനും, മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്താനുമാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ഒക്ടോബർ ഒന്നിന് വയോജന ദിനം ആചരിക്കുന്നത്. 'വാർദ്ധക്യവും അന്തസ്സും ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കോഴിക്കോട് നഗരം വയോജന സൗഹൃദ നഗരമാകുകയാണ്.

കോഴിക്കോട്ട് നിന്ന് നസീർ ബാബു...

......വോയ്സ്.......

✪✪✪

ശബരിമലയിൽ ദ്വാരകാ പീഠം കാണാതായ സംഭവത്തിൽ സമഗ്രാന്വേഷണം ഉണ്ടാകുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ തീരുമാനം സ്വാഗതാർഹമാണെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. പീഠം കാണാതായതിൽ ഗൂഢാലോചനയുണ്ടായി എന്നും അദ്ദേഹം വ്യക്തമാക്കി.സംഭവത്തിൽഉദ്യോഗസ്ഥർക്ക് ബന്ധമുണ്ടെങ്കിൽ അവർക്കെതിരെയും ശക്തമായ നടപടി ഉണ്ടാകുമെന്നും വാസവൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് 1100 കോടിയുടെ GST തട്ടിപ്പ് ഉണ്ടായിട്ടും ഗവണ്മെന്റ് അതിനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. പൂനയിലെ GST ഇന്റലിജൻസ്, സംസ്ഥാന GST വിഭാഗത്തെ വിവരം അറിയിച്ചിട്ടും ഒന്നും ചെയ്തില്ലെന്നും സാധാരണക്കാരുടെ പേരിൽ അവർ അറിയാതെ രജിസ്ട്രേഷൻ നടത്തിയാണ് തട്ടിപ്പു നടത്തിയതെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

തട്ടിപ്പിന് ഇരകളായവരെ വിവരങ്ങൾ സംസ്ഥാനഗവണ്മെന്റ് അറിയിക്കുകയോ അവർക്ക് നിയമപരിരക്ഷ നൽകുകയോ ചെയ്തില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ വിഷയത്തിൽ CBI അന്വേഷണം അനിവാര്യമാണെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ നാളെ കോഴിക്കോട്ട് ആരംഭിക്കും. EMS സ്റ്റേഡിയത്തിൽ രാത്രി എട്ടിന് നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC, രണ്ടാം സ്ഥാനക്കാരായ കൊച്ചി FC യെ നേരിടും.

✪✪✪

കണ്ണൂരിൽ സംസ്ഥാന യുവജന കമ്മീഷൻ സംഘടിപ്പിക്കുന്ന ചെസ്സ് ടൂർണമെന്റിൻ പങ്കെടുക്കുന്നതിന് ഈ മാസം 5 വരെ അപേക്ഷ സമർപ്പിക്കാം. ഒക്ടോബർ ഏഴിന് കണ്ണൂരിലാണ് മത്സരം.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പ് നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് നാളെ കണ്ണൂരിൽ. അഞ്ചരക്കണ്ടി പുഴയിൽ മുഴപ്പിലങ്ങാട് കടവിന് സമീപമാണ് മത്സരം. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 15 ജലരാജാക്കന്മാരാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

നാളെ വൈകിട്ട് നാലുമണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ചാമ്പ്യൻസ് ബോട്ട് ലീഗ് ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വർണ വില പുതിയ റെക്കോർഡിൽ. പവന് 87,000 രൂപയാണ് ഇന്നത്തെ വില. പവന് 880 രൂപ ഇന്ന് വർധിച്ചു. 10,875 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs : അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*